LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച 4-9-2019, 4-2-2020 തീയതികളിലെ റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന നിരവധി കുട്ടികളുള്ള പ്രസ്തുത മണ്ഡലത്തിലെ എല്ലാ കുട്ടികൾക്കും ഉന്നത വിദ്യാഭ്യാസം ലഭ്യമാകുന്ന തരത്തിൽ പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനുവേണ്ട അനുകൂല നിലപാട് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പരിശോധിക്കുന്നതാണ്.

ഗുരുവായൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം

144(1129) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ചൊക്ലി ഗവണ്മെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

145(1130) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ഗവണ്മെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി ചൊക്ലി സർക്കാർ ആർട്സ് & സയൻസ് കോളേജിലെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട നിർമ്മാണം മൂപ്പൻസ് ആസെക്ട് എന്ന നിർമ്മാണ കമ്പനിക്ക് കരാർ നൽകുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണ ഏജൻസി ആയ KITCO-യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

കാസർഗോഡ് ഗവണ്മെന്റ് കോളേജ്

146(1131) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവണ്മെന്റ് കോളേജിൽ എത്ര ഡിപ്പാർട്ട്മെന്റുകൾ ഉണ്ടെന്നും ഓരോ ഡിപ്പാർട്ട്മെന്റിലും ഏതൊക്കെ തസ്തികകൾ ഉണ്ടെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ഗവൺമെന്റ് കോളേജിൽ 19 ഡിപ്പാർട്ട്മെന്റുകൾ ഉണ്ട്. ഓരോ ഡിപ്പാർട്ട്മെന്റിലുമുള്ള തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത സ്ഥാപനത്തിലെ ഏതെങ്കിലും തസ്തികകളിൽ ഒഴിവുകളുണ്ടോയെന്നും എങ്കിൽ എത്രകാലമായി ഒഴിഞ്ഞുകിടക്കുകയാണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ ജോലി ചെയ്യുന്നവർ അതാത് തസ്തികകളിൽ എത്ര കാലമായി തുടരുന്നവരാണെന്ന് വ്യക്തമാക്കാമോ?

വിശദവിവരം അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു*.

(ഡി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റേതെങ്കിലും സ്ഥാപനത്തിൽ സേവനം ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ഇ) ഇതര ജില്ലകളിൽനിന്നുള്ള എത്ര ജീവനക്കാർ പ്രസ്തുത കോളേജിൽ ജോലി ചെയ്യുന്നുണ്ടെന്ന് അവരുടെ ജില്ലതിരിച്ച് വ്യക്തമാക്കാമോ?

വിശദവിവരം അനുബന്ധം - 4 ആയി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly